"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് കടമ്പഴിപ്പുറം ഹൈസ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. സി. സജിത ഫയൽ ചെയ്ത റിട്ട് ഹർജി നം. 24936/2010 മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 28.07.2021- തീയതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.292/2022/പൊ.വി.വ തീയതി,തിരുവനന്തപുരം, 12/01/2022

---

പരാമർശം:-

1. ബഹു. കേരള ഹൈക്കോടതിയുടെ 28.07.2021-ലെ W.P.(C) No. 24936/2010 മേലുള്ള വിധിന്യായം.
2. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16/11/2021-ലെ ബി2/3394/2021 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് കടമ്പഴിപ്പുറം ഹൈസ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. സി. സജിത ഫയൽ ചെയ്ത റിട്ട് ഹർജി നം. 24936/2010 മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 1 വിധിന്യായത്തിൽ Ext. P7 സർക്കാർ ഉത്തരവ് റദ്ദാക്കുകയും ഹർജിക്കാധാരമായ വിഷയം ഹർജിക്കാരിയെ കേട്ട് കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം I ചട്ടം 22(C) പ്രകാരം പുനപരിശോധിച്ച് തീരുമാനമെടുക്കാൻ ഒന്നാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽക്കുകയുണ്ടായി. അപ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം 18.11.2021-നു ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ കേട്ടു.

2. ഹർജിക്കാരിയുടെ വാദം ചുവടെചേർക്കുന്നു .

" എ) പാലക്കാട് ജില്ലയിലെ ( മുൻപ് ഒറ്റപ്പാലം വിദ്യാഭ്യാസ ജില്ലയിൽ പെട്ടതും, ഇപ്പോൾ മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ നിയന്ത്രണത്തിൽ ) ഉള്ളതുമായ കടമ്പഴിപ്പുറം ഹൈസ്കൂളിൽ ഹർജിക്കാരി 01/10/2001 മുതൽ റഗുലർ സർവീസിൽ, യു. പി. എസ്. എ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. അതിനു മുമ്പ്, താഴെ പറയുന്ന കാലയളവിലായി അതേ തസ്തികയിലും, അതേ ശമ്പള സ്കെയിലിലും ഇതേ സ്കൂളിൽ, ആകെ 11 മാസം, 29 ദിവസം ടെമ്പററി സർവീസ് ഉണ്ടായിരുന്നു.

| From | To | Month | Day |
|---|---|---|---|
| 01/06/99 | 04/08/99 | 2 | 4 |
| 01/06/99 | 22/12/99 | 3 | 22 |
| 17/07/2000 | 14/11/2000 | 4 | 29 |
| 09/01/2001 | 12/03/2001 | 2 | 4 |
| TOTAL | | 11 MONTHS | 29 DAYS |

ബി) എന്നാൽ ഹർജിക്കാരി റഗുലർ സർവീസിൽ പ്രവേശിച്ച 01/10/2001 ൽ, ഇപ്രകാരം ഉള്ള താൽക്കാലിക / പകരം സർവീസുകൾ ( ആയത് തുടർച്ചയായിട്ടുള്ളതൊ, അഥവാ, ബ്രേക്ക് വന്നതോ ആയ സർവീസുകൾ ) ഒരേ കാറ്റഗറിയിലും ശമ്പള സ്കെയിലിലും ആണെങ്കിൽ, ഇംക്രിമെന്റ്, ഗ്രേഡ്, പെൻഷൻ മുതലായവയ്ക്ക് കണക്കാക്കാമെന്ന അന്ന് നിലവിൽ ഇരുന്ന ചട്ടം താഴെ കുറിക്കുന്നു .

1. കെ . എസ് . ആർ ഒന്നാം ഭാഗം ചട്ടം 33 ( സർക്കാർ തീരുമാനം 2)

"Provisional Service on regularization with or without break in the same category or post will be treated as officiating service ab intitio for the limited purpose of granting of increments. Provisional service followed by a regular appointment with or without break in the same category of; post will also be treated as officiating Service ab initio for the limited purpose of granting of increments. The term "Same category" of post for the purpose denot posts satisfying the following conditions.

The post should carry the same or identical scale of pay.
The qualification and method of appointment should be the same, and
The post should fall in the same service.

The above decision shall be deemed to have coming to force w.e.f first November 1956, but the monetary benefit thereof will be admissible only w.e.f 24 th July 1967.

2) Chapter XIV A, Rule 61(4) also permits to count such temp/broken Services for increments. Rule 61(4) Read as follows: "All duty in a post on a time scale whether continuous or interrupted shall count for increments in that time scale".

ഇതനുസരിച്ച്, സമാന സ്വഭാവത്തിൽ ഹർജിക്കാരിയുടെ കൂടെ ജോലിക്ക് ചേർന്ന ഒട്ടു മിക്ക അദ്ധ്യാപകരുടെയും താൽക്കാലിക / ടെമ്പററി സർവീസുകൾ ( കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം കണക്കിലെടുത്ത് സർവീസ് ക്രമീകരിച്ചതാണ് .

സി) എന്നാൽ, ഇത്തരത്തിൽ, ഇംക്രിമെന്റ്, ഗ്രേഡ് മുതലായവയ്ക്ക് അനുകൂലമായ സർവീസുകൾ ഏതെങ്കിലും ക്രമീകരിക്കുന്നതിനായി കെ. എസ്. ആർ ചട്ടം 22 സി പ്രകാരം ( ജി . ഒ / പി / 496/2007/ ഫിൻ തീയതി 11/10/2007) നൽകിയ നിർദ്ദേശങ്ങൾ, നടപ്പിലാക്കാത്ത സാഹചര്യത്തിലാണ് ഹർജിക്കാരി നിർദ്ദിഷ്ട സമയ പരിധിയ്ക്കുള്ളിൽ ബഹു. ഹൈക്കോടതി മുമ്പാകെ പരാതി നൽകിയത്.

ഈ സാഹചര്യത്തിൽ താഴെ പറയുന്ന വസ്തുതകൾ കൂടി കണക്കിലെടുത്ത് ഹർജിക്കാരിയുടെ പരാതിയ്ക്ക് അനുകൂല തീരുമാനമെടുക്കണമെന്ന് അപേക്ഷിക്കുന്നു .

1) കേരള വിദ്യാഭ്യാസ ചട്ടം 14 എ, റൂൾ 61(2) അനുസരിച്ചുള്ള ഹർജിക്കാരിയുടെ പ്രസ്തുത സ്കൂളിലെ എല്ലാ യു. പി. എസ്. എ സർവീസുകളും നിയമന തിയതിയിൽ ഇൻക്രിമെന്റിനു അനുവദനീയമായ സർവീസ് ആണ്.

2) ഇത്തരം സർവീസുകൾ ക്രമീകരിച്ചുകിട്ടുന്നതിനും, ജി. ഒ. പി. 496/2007/ഫിൻ, തീയതി 11/10/2007 പ്രകാരം അനുവദനീയമായ സമയ പരിധിയ്ക്കുള്ളിൽ ഹർജിക്കാരി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ ക്രമീകരിക്കുന്നതിന് അപേക്ഷ പോലും ആവശ്യമില്ലെന്നും, ചട്ടം 22 C Note I വ്യക്തമാക്കുന്നു. "

3. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു

" എ) പാലക്കാട് ജില്ലയിലെ നിലവിൽ മണ്ണാർക്കാട് വിദ്യാഭ്യാസ ജില്ലയുടെ പരിധിയിൽ വരുന്ന ( 2014 വരെ ഒറ്റപ്പാലം വിദ്യാഭ്യാസ ജില്ലയുടെ പരിധിയിൽ ആയിരുന്നു ) കടമ്പഴിപ്പുറം ഹൈസ്കൂളിൽ ശ്രീമതി. സജിത. സി എന്ന അധ്യാപികയുടെ താത്ക്കാലിക യു. പി. എസ് തസ്തികയിലെ താഴെ പറയുന്ന കാലയളവിലെ നിയമനങ്ങൾ 4000-90-4090-100-6090 എന്ന ശമ്പള സ്കെയിലിൽ അന്നത്തെ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയിട്ടുണ്ട്.

വിവിധ കാലയളവിലെ ശ്രീമതി. സജിത സിയുടെ യു. പി. എസ്. എ തസ്തികയിലെ നിയമങ്ങൾ.

| From | To | Month | Day |
|---|---|---|---|
| 01/06/99 | 04/08/99 | 2 | 4 |
| 01/09/99 | 22/12/99 | 3 | 22 |
| 17/07/2000 | 14/11/2000 | 4 | 29 |
| 09/01/2001 | 12/03/2001 | 2 | 4 |
| ആകെ | | 11 | 29 |

ബി) മേൽ 11 മാസവും 29 ദിവസവും ഇൻക്രിമെന്റിനും മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി പരിഗണിക്കണമെന്നതാണ് പരാതിക്കാരിയുടെ ആവശ്യം. ടിയാരിയുടെ സേവന പുസ്തകം പരിശോധിച്ചതിൽ നിന്നും മേൽ കാലയളവിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയതായി രേഖപ്പെടുത്തലുകൾ കാണുന്നില്ല . 30/09/2002 ന് ടിയാരിയുടെ റെഗുലർ സർവ്വീസ് മാത്രമാണ് പ്രൊബേഷൻ കാലയളവ് പൂർത്തീകരിച്ചതായി സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ടിയാൾ റഗുലർ സേവനത്തിൽ യു. പി. എസ്. ടിയായി 01/10/2001 മുതൽക്കാണ് ജോലിയിൽ പ്രവേശിച്ചിരിക്കുന്നത്.

സി) കെ. എസ്. ആർ പാർട്ട് 1 ചട്ടം ( റൂൾ ) 22 ( സി ) പ്രകാരം ടിയാളുടെ മുൻകാല യു. പി. എസ്. ടി സേവനങ്ങൾ പരിശോധിച്ച് സർവ്വീസ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനാണ് ബഹു. ഹൈക്കോടതിയുടെ ഡബ്ല്യു. പി.( സി ) നം. 24936/2010 ൻമേലുള്ള 28/07/2021 ലെ വിധിന്യായത്തിൽ നിർദ്ദേശിച്ചിരിക്കുന്നത്.

ഡി) സർക്കാർ സർവ്വീസിൽ പ്രവേശിക്കുമ്പോൾ ഏതെങ്കിലും സേവനാനുകൂല്യത്തിനായി കണക്കാക്കിയ ഏതെങ്കിലും വകുപ്പിൽ താത്ക്കാലികമോ റെഗുലറോ ആയ തന്റെ മുൻകാല സേവനം ലഭിക്കാൻ ആഗ്രഹിക്കുന്ന ഒരു ഉദ്യോഗസ്ഥൻ ആ തിയതി മുതൽ 5 വർഷത്തിനുള്ളിൽ സർക്കാരിൽ അപേക്ഷ സമർപ്പിക്കണമെന്ന് കെ. എസ്. ആർ പാർട്ട് 1 റൂൾ 22( സി ) യിൽ പ്രതിപാദിക്കുന്നു. കൂടാതെ ഗ്രേഡ്, പെൻഷൻ, ലീവ് തുടങ്ങിയ സേവനാനുകൂല്യങ്ങൾക്കായുള്ള മുൻകൂർ സർവ്വീസ് കണക്കാക്കുന്നതിനുള്ള വ്യക്തമായ നിയമനങ്ങൾ/ഉത്തരവുകൾ ഉള്ള സന്ദർഭത്തിൽ മേൽ വിഭാവനം ചെയ്തിട്ടുള്ള അപേക്ഷയൊന്നും ആവശ്യമില്ല എന്ന് വ്യക്തമാകുന്നു.

ഡി) ജി . ഒ ( പി ) 496/2007 ഫിൻ തിയതി 11/10/2004 പ്രകാരം കെ. എസ്. ആർ പാർട്ട് 1 റൂൾ 22 സി എന്ന ചട്ടം ഭേദഗതി ചെയ്തതിലൂടെ ഉൾപ്പെടുത്തിയതാണ്. റൂൾ 22 സി പ്രാബല്യത്തിൽ വരുന്നത് 06/11/2006 മുതലാണ്. റൂൾ 22 സി പ്രകാരം ജി . ഒ ( പി ) 496/2007/ ഫിൻ തിയതി 11/10/2007 ന്റെ അടിസ്ഥാനത്തിൽ അനുവദനീയമായ സമയ പരിധിക്കുള്ളിൽ, ശ്രീമതി. സജിത. സി തന്റെ മുൻകാല സർവ്വീസുകൾ വാർഷിക വർദ്ധനവിനും മറ്റും പരിഗണിക്കുന്നതിന് അപേക്ഷ ഓഫീസിൽ സമർപ്പിച്ചതായി കാണുന്നില്ല. മാത്രമല്ല ഈ ബ്രോക്കൺ പിരീഡ് ഓഫ് സർവ്വീസ് 01/10/94 ന് ശേഷം ഉള്ളതാണ്. പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് ഈ ബ്രോക്കൺ പിരീയഡ് കണക്കാക്കിയിട്ടില്ല. അതു വഴി ഇൻക്രിമെന്റ് നൽകിയിട്ടില്ല. ആയതുകൊണ്ട് ഈ ബ്രോക്കൺ പിരിയഡ് ഇൻക്രിമെന്റ് കണക്കാക്കാൻ കഴിയില്ല.

ഇ) പരാതിക്കാരിയുടെ മുൻകാല സേവനം 11 മാസവും 29 ദിവസവും മാനേജർ പ്രൊബേഷന് പരിഗണിച്ചിട്ടില്ല എന്ന് സേവന പുസ്തകം പരിശോധിച്ചതിൽ നിന്നും കാണുന്നു. ടിയാരിയുടെ റെഗുലർ സേവനത്തിലേ ( 01/10/2001 മുതൽ ) കാലയളവ് മാത്രം പരിഗണിച്ചാണ് 30/09/2002 ന് പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുള്ളത്. "

4. സർക്കാർ ഇക്കാര്യം ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

ഒന്ന്) ഹർജിക്കാരി 01/10/2001 മുതൽ റഗുലറായി നിയമിതയാകുന്നതിനു മുമ്പുള്ള ബ്രോക്കൺ സർവ്വീസുകൾ ഇൻക്രിമെന്റ്, സമയബന്ധിത ഹയർ ഗ്രേഡ് എന്നിവയ്ക്ക് പരിഗണിക്കണമെന്ന ആവശ്യമാണ് തീരുമാനമാകാനുള്ളത്. ഹർജിക്കാരി എയ്ഡഡ് സ്കൂളിലെ സേവനങ്ങളെ മാത്രം ഉദ്ധരിച്ചാണ് ഈ ആവശ്യം ഉന്നയിച്ചിട്ടുള്ളത്. അതുകൊണ്ട് ഇക്കാര്യം അനുവദനീയമാണോ എന്ന വിഷയത്തിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലുള്ള വ്യവസ്ഥകൾ പരിശോധിച്ചുവേണം തീരുമാനം കൈക്കൊള്ളേണ്ടത്. കെ.ഇ.ആർ ൽ വ്യക്തമായ വ്യവസ്ഥകൾ ഇല്ലെങ്കിൽ മാത്രം കേരള സർവ്വീസ് ചട്ടങ്ങളിലെ ബന്ധപ്പെട്ട വ്യവസ്ഥകളിലേയ്ക്ക് കടന്നാൽ മതിയാകും. മാത്രമല്ല, ക്ലെയിമുകൾ ഉന്നയിക്കുന്നതിനുള്ള സമയപരിധി നിശ്ചയിച്ച് നൽകിയതായി പരാമർശിച്ചുകാണുന്ന കെ.എസ്. ആർ

പാർട്ട് 1 ചട്ടം 22സി എന്നത് ഒരു ഓഫീസർ ഒരു പ്രത്യേക വകുപ്പിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ മറ്റൊരു വകുപ്പിലേയ്ക്ക്/സ്ഥാപനത്തിലേയ്ക്ക് മാറുമ്പോൾ മുൻ സർവ്വീസ് പരിഗണിക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ്. ഇവിടെ ഹർജിക്കാരിയുടെ എയ്ഡഡ് സർവ്വീസിൽ തന്നെയുള്ള സേവനകാലം ഇൻക്രിമെന്റ്, സമയബന്ധിത ഹയർ ഗ്രേഡ് എന്നിവയ്ക്ക് പരിഗണിക്കണമെന്ന ആവശ്യമാണ് പരിശോധിക്കാനുള്ളത്. ഇക്കാരണങ്ങളാൽ ഇവിടെ കെ.എസ്. ആർ പാർട്ട് 1 ചട്ടം 22സി യ്ക്ക് നേരിട്ട് ബാധകത്വമില്ല.

രണ്ട്) കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 61-ൽ ആണ് എയ്ഡഡ് സർവ്വീസിലുള്ളവരുടെ ഇൻക്രിമെന്റ് അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ ചേർത്തിട്ടുള്ളത്. അവയിൽ ഇവിടെ പ്രസക്തമായവ ചുവടെ കൊടുക്കുന്നു:-

***61 (1)*** *x x x x x*

*(2) Subject to the provision in sub-rule (2A) a qualified teacher shall be granted increments in the time scale of his post, if he has served the period necessary to earn them. The increment shall be granted from the first day of the month which it falls due.*

*(2A) A teacher appointed on probation shall draw his first increment in the time scale only with effect from the date of satisfactory completion of probation, but subsequent increments shall be drawn on the first day of the month in which they fall due. (2B) Delay in the declaration of satisfactory completion of probation of a teacher will not however, affect his future increments and these will accrue on the normal incremental dates.*

*(3) [deleted]*

*(4) All duty in a post on a time scale whether continuous or interrupted shall count for increment in that time scale.*

മേല്പറഞ്ഞവയുടെ സംയുക്തവായന വ്യക്തമാക്കുന്നത്, ചട്ടം. 61(2A) പ്രകാരം പ്രൊബേഷൻ ഡിക്ളയർ ചെയ്തതിനുശേഷം മാത്രമേ ഒന്നാമത് ഇൻക്രിമെന്റ് അനുവദിക്കാവൂ എന്നും, അതിനുശേഷം, ചട്ടം. 61(4) പ്രകാരം തുടർച്ചയായതോ ബ്രോക്കൺ ആയതോ ആയ എല്ലാ ഡ്യൂട്ടിയും കണക്കിലെടുത്തു കൊണ്ട്, പ്രസ്തുത സേവനകാലം ഇൻക്രിമെന്റ് ആർജ്ജിക്കുന്നതിനു യോഗ്യമാണെങ്കിൽ, മുടങ്ങിക്കിടക്കുന്ന മറ്റു ഇൻക്രിമെന്റുകൾ 61(2) പ്രകാരം അനുവദിക്കണമെന്നുമാണ്. പ്രൊബേഷൻ ഡിക്ളയർ ചെയ്യാൻ വൈകുന്നത് മറ്റ് ഇൻക്രിമെന്റുകൾ അനുവദിക്കുന്ന കാര്യത്തിൽ തടസ്സം വരുത്തരുതെന്ന് ചട്ടം. 61(2B) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതും ഈ അവസരത്തിൽ കണക്കിലെടുക്കേണ്ടതാണ്.

മൂന്ന്) മേൽ സാഹചര്യത്തിൽ ഹർജിക്കാരിയുടെ പ്രൊബേഷൻ ഡിക്ളയർ ചെയ്ത് ഒന്നാമത് ഇൻക്രിമെന്റ് അനുവദിച്ചുകഴിഞ്ഞ ശേഷം, ഹർജിക്കാരിയ്ക്ക് അതിനുമുമ്പോ ശേഷമോ ഉണ്ടായിരുന്ന തുടർച്ചയായതോ ബ്രോക്കൺ ആയതോ ആയ എല്ലാ ഡ്യൂട്ടിയും ചട്ടം. 61(4) പ്രകാരം കണക്കിലെടുത്തു കൊണ്ട് (അവ പ്രൊബേഷനു പരിഗണിച്ചിരിക്കണമെന്നില്ല), പ്രസ്തുത സേവനകാലം ഇൻക്രിമെന്റ് ആർജ്ജിക്കുന്നതിനു യോഗ്യമായിരുന്നെങ്കിൽ, അതായത് അച്ചടക്കനടപടിയോ, ഹാജരില്ലായ്മയൊ, അല്ലെങ്കിൽ ഇൻക്രിമെന്റ് ആർജ്ജിക്കുന്നതിനു യോഗ്യമല്ലാത്ത തരത്തിലുള്ള മറ്റു ക്രമക്കേടുകളോ വ്യവസ്ഥകളോ ബാധകമാകുന്നില്ലെങ്കിൽ, ചട്ടം. 61(2A), 61(2B) എന്നിവയിലെ നിഷ്കർഷപ്രകാരം മുടങ്ങിയ മറ്റു ഇൻക്രിമെന്റുകൾ അനുവദിക്കുന്നതിൽ തർക്കമുണ്ടാകേണ്ടതില്ല.

നാല്) സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നതിന് യോഗ്യതാകാലം കണക്കാക്കുന്നതിന് നിലവിലുള്ള 2.5.1973-ലെ ജി.ഒ(എം.എസ്) 62/73/ എസ്.ഇഡിഎൻ പ്രകാരം *"In lieu of continuous teaching service insisted on for the purpose of sanction of higher grade to teachers, total teaching service will count."* എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. പിന്നീട് പുറത്തിറക്കിയ 19.06.1984-ലെ ജി.ഒ(എം.എസ്) 112/84/ ജി.ഇഡിഎൻ പ്രകാരം

*"....total teaching service.... includes approved service in training vacancies, leave vacancies, or, short vacancies for the purpose of sanctioning higher grade."* എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതായത്, സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നതിന് യോഗ്യതാകാലമായി അവധി ഒഴിവുകളിലേതുൾപ്പെടെയുള്ള സേവനകാലം പരിഗണിക്കാവുന്നതാണ്. അതുകൊണ്ട്, ഇവിടെ ഹർജിക്കാരി റഗുലറായി നിയമിക്കപ്പെടുന്നതിനുമുമ്പുള്ള അവധി ഒഴിവുകളിലെ സേവനം പരിഗണിച്ച് ഹയർ ഗ്രേഡ് അനുവദിക്കാവുന്നതാണ്.

5. മേൽ വിവരിച്ച സാഹചര്യങ്ങളിൽ ഹർജിക്കാരി റഗുലറായി നിയമിക്കപ്പെടുന്നതിനുമുമ്പുള്ള അവധി ഒഴിവുകളിലെ സേവനം കൂടി പരിഗണിച്ച് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ് എന്നിവ അനുവദിക്കുന്നതിന് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കി അപ്രകാരം ബഹു: ഹൈക്കോടതിയുടെ പരാമർശം 1 കോടതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്.വി
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
മാനേജർ, കടമ്പഴിപ്പുറം ഹൈസ്കൂൾ, ഒറ്റപ്പാലം, പാലക്കാട്.
പ്രഥമാദ്ധ്യാപിക, കടമ്പഴിപ്പുറം ഹൈസ്കൂൾ, ഒറ്റപ്പാലം, പാലക്കാട്.
ശ്രീമതി. സി. സജിത, അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ,
കടമ്പഴിപ്പുറം ഹൈസ്കൂൾ, ഒറ്റപ്പാലം, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Shahna Kumari S L
Date: 25-01-2022 10:32:23
Reason: Approved

സെക്ഷൻ ഓഫീസർ